**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1949** **08-02-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മൃഗശാലയിൽ ക്ഷയരോഗം മൂലം മൃഗങ്ങൾ ചത്ത സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം മൃഗശാലയിൽ ക്ഷയരോഗം മൂലം മൃഗങ്ങൾ ചാകുന്ന സംഭവത്തിൽ മൃഗസംരക്ഷണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് മുഖേന അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | മനുഷ്യരിലേക്ക് രോഗം പകരാനുള്ള സാധ്യതയുണ്ടോയെന്നത് പഠനവിധേയമാക്കിയിട്ടുണ്ടോ; | (ബി) | പഠനവിധേയമാക്കിയിട്ടുണ്ട്. മൃഗശാലയിലെ ജീവനക്കാർക്ക് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് മുഖേന 24.01.2023-ന് ബോധവൽക്കരണ ക്ലാസ്സും, ജില്ലാ ക്ഷയരോഗ നിവാരണ കേന്ദ്രം മുഖേന മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. കൂടാതെ ജീവനക്കാർക്കായി ഗംബൂട്ട്, ഗ്ലൗസ്സ്, മാസ്ക് എന്നിവ നൽകിയിട്ടുണ്ട്. ഇവ ധരിച്ച് മാത്രമെ ജോലിയിൽ ഏർപ്പെടാറുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് മൃഗശാലയിലെ ജീവനക്കാർ മുൻകരുതലുകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | പഠനവിധേയമാക്കിയിട്ടുണ്ട്. മൃഗശാലയിലെ ജീവനക്കാർക്ക് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് മുഖേന 24.01.2023-ന് ബോധവൽക്കരണ ക്ലാസ്സും, ജില്ലാ ക്ഷയരോഗ നിവാരണ കേന്ദ്രം മുഖേന മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. കൂടാതെ ജീവനക്കാർക്കായി ഗംബൂട്ട്, ഗ്ലൗസ്സ്, മാസ്ക് എന്നിവ നൽകിയിട്ടുണ്ട്. ഇവ ധരിച്ച് മാത്രമെ ജോലിയിൽ ഏർപ്പെടാറുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ